പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :190

28.05.2019 ൽ
മറുപടിക്ക്

## കറുകച്ചാൽ പോലീസ് സ്റ്റേഷന്റെ സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കറുകച്ചാൽ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 132.5 സെന്റ് സ്ഥലത്തിന്റെ എത്രഭാഗം നിലവിൽ ഉപയോഗിക്കുന്നുണ്ട്; | എ) കറുകച്ചാൽ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 132.5 സെന്റ് സ്ഥലം മുഴുവനും നിലവിൽ ഉപയോഗിച്ച് വരുകയാണ്. ടി സ്ഥലത്ത് കറുകച്ചാൽ പോലീസ് സ്റ്റേഷനും പോലീസ് ക്വാർട്ടേഴ്സും പ്രവർത്തിച്ചുവരുന്നു. |
| ബി) കാട്ടുകയറി നശിച്ച സ്റ്റാഫ് ക്വാർട്ടേഴ്സ് പുതുക്കി പണിയുന്നതിന് പദ്ധതി തയാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തയാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) കാട്ടുകയറി നശിച്ച ക്വാർട്ടേഴ്സുകൾ പുതുക്കി പണിയുന്നത് സംബന്ധിച്ച് കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നു താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>കാട്ടുകയറി നശിച്ച ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് മാറ്റുന്നതിന് ആവശ്യമായ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുവാൻ പി.ഡബ്ലിയു.ഡി. കെട്ടിട വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>ലേലം ചെയ്തു മാറ്റുന്നതിനനുസരിച്ച് ഈ ഭാഗത്ത് പുതിയ ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എം.ഡി., കെ.പി.എച്ച്.സി.സി. യ്ക്ക് 30.11.2018 ൽ കത്ത് നൽകിയിട്ടുണ്ട്.<br>ഈ ഭാഗത്ത് സ്ഥിതി ചെയ്യുന്ന 5 പോലീസ് ക്വാർട്ടേഴ്സുകളുടെ (B1 - B5) അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പി.ഡബ്ലിയു.ഡി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| സി) ഈ സ്ഥലത്ത് ചെറു ക്വാർട്ടേഴ്സുകൾ പണിയുന്നതിന് പകരം ക്വാർട്ടേഴ്സ് കോംപ്ലക്സ് പണിയുന്നതിനും ബാക്കിയുള്ള സ്ഥലത്ത് പരേഡ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | സി) ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും ബാക്കിയുള്ള സ്ഥലത്ത് പോലീസ് പരേഡ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി) പ്രസ്തുത സ്ഥലത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 15 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പിന് വിട്ടുനൽകുമോയെന്നറിയിക്കാമോ? | ഡി) കറുകച്ചാൽ പോലീസ് സ്റ്റേഷൻ വകയായുള്ള 132.5 സെന്റ് സ്ഥലത്ത് പോലീസ് സ്റ്റേഷൻ, കറുകച്ചാൽ, മണിമല, പാമ്പാടി, വാകത്താനം തുടങ്ങിയ സമീപ പ്രദേശത്തുള്ള സേനാംഗങ്ങൾക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നതിനാലും ബാക്കിയുള്ള സ്ഥലത്ത് ഫ്ളാറ്റ് സമുച്ചയവും പരേഡ് ഗ്രൗണ്ടും പണിയുന്നതിനും കൂടാതെ ചങ്ങനാശ്ശേരി സബ് ഡിവിഷനിലെ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ഒരു ഡംബിഗ് യൂണിറ്റ് ടി സ്ഥലത്ത് നിർമ്മിക്കുവാൻ ആലോചിക്കുന്നതിനാലും കറുകച്ചാൽ പോലീസ് സ്റ്റേഷൻ പരിസരത്ത് നിലവിലുള്ള സ്ഥലം തികയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആയതിനാൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിന് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം വിട്ട് നൽകാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ